(ബി) ഇവയിൽ ധനകാര്യവകുപ്പ് നിരാകരിച്ച ഏതെല്ലാം കേസുകളിൽ മന്ത്രിസഭായോഗം അനുകൂല തീരുമാനം എടുത്തിട്ടുണ്ട് എന്നുള്ളതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ധനവകുപ്പ് നിരാകരിച്ച ഏതെല്ലാം അനോമലി കേസുകളിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അനുകൂല ശിപാർശ നൽകി ധനവകുപ്പിന് മടക്കിയിട്ടുണ്ട് എന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) അനോമലി പരിഹരിച്ചുകൊണ്ട് 194 സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) വിവിധ യൂണിവേഴ്സിറ്റികളിലെ അസിസ്റ്റന്റ് രജിസ്ട്രാർ മുതൽ ജോയിന്റ് രജിസ്ട്രാർ വരെയുള്ള തസ്തികകളുടെ ശമ്പള സ്കെയിൽ സെക്രട്ടേറിയറ്റിലെ അണ്ടർ സെക്രട്ടറി മുതൽ ജോയിന്റ് സെക്രട്ടറി വരെയുള്ള തസ്തികകൾക്ക് സമാനമായി പരിഷ്ക്കരിക്കുന്നതിന് മന്ത്രിസഭായോഗം അനുകൂല തീരുമാനമെടുത്തിട്ടുണ്ട്.

(സി) ധനവകുപ്പ് നിരാകരിച്ച അനോമലി കേസ്സുകളിൽ ഒന്നുംതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അനുകൂല ശിപാർശ നൽകി ധനവകുപ്പിന് മടക്കിയിട്ടില്ല.

സർക്കാർ ജീവനക്കാർക്ക് ഇടക്കാലാശ്വാസം

141 (6592) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ അദ്ധ്യാപകർക്കും ജീവനക്കാർക്കും ഇടക്കാലാശ്വാസം നൽകുന്ന കീഴ്വഴക്കം നിലവിലുണ്ടോ ; എങ്കിൽ ഏതെല്ലാം വർഷങ്ങളിലാണ് ഇടക്കാലാശ്വാസം അനുവദിച്ച് നൽകിയിട്ടുള്ളത് ;

(ബി) ഇടക്കാലാശ്വാസം അനുവദിക്കുന്നതിന് നിലവിൽ സ്വീകരിച്ചിട്ടുള്ള അടിസ്ഥാന മാനദണ്ഡങ്ങൾ/കീഴ്വഴക്കങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ ;

(സി) ഇടക്കാലാശ്വാസം ആവശ്യപ്പെട്ടുകൊണ്ട് ഏതെല്ലാം സർവ്വീസ് സംഘടനകൾ/അദ്ധ്യാപക സംഘടനകൾ നിവേദനം സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) സാധനവില കുതിച്ചുകയറുന്ന സാഹചര്യത്തിലും ശമ്പള പരിഷ്ക്കരണ നടപടികൾ പൂർത്തിയാക്കാൻ കൂടുതൽ സമയം ആവശ്യമായി വന്നിരിക്കുന്ന സാഹചര്യത്തിലും ഇടക്കാലാശ്വാസം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരളത്തിലെ അദ്ധ്യാപകർക്കും ജീവനക്കാർക്കും ഇടക്കാലാശ്വാസം നൽകുന്ന കീഴ്വഴക്കം നിലവിലുണ്ട്. 1984, 1995, 2005 എന്നീ വർഷങ്ങളിലാണ് ഇടക്കാലാശ്വാസം അനുവദിച്ച് നൽകിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിലുണ്ടായിരുന്ന ശമ്പളപരിഷ്ക്കരണ കാലാവധി കഴിഞ്ഞ് പുതിയ ശമ്പളപരിഷ്ക്കരണം നടപ്പിലാക്കുന്നതിന് കാലതാമസം ഉണ്ടാകുമെന്നതിനാണ് ഇടക്കാലാശ്വാസം അനുവദിക്കുന്നത്.

(സി) പെൻഷനേഴ്സ് ജോയിന്റ് കൗൺസിൽ എന്നീ സർവ്വീസ് സംഘടനകളാണ് ഇടക്കാലാശ്വാസം ലഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം സമർപ്പിച്ചിട്ടുള്ളത്.

(ഡി) ഇടക്കാലാശ്വാസം അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

'ഇ.എസ്.ഐ. ഡോക്ടർമാരുടെ പെൻഷൻ പ്രായം'

142 (6593) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഡോക്ടർമാരുടെ പെൻഷൻപ്രായം ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ എത്രയായിരുന്നു ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം എത്രയായി വർദ്ധിപ്പിച്ചു ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ഇ. എസ്. ഐ. ഡോക്ടർമാരുടെ പെൻഷൻ പ്രായം സർക്കാർ ഡോക്ടർമാരുടേതിന് തുല്യമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ഡി) ഇ.എസ്.ഐ ഡോക്ടർമാരുടെ പെൻഷൻ പ്രായവും മറ്റുള്ളവരുടേതിനോട് തുല്യമാക്കി ഉത്തരവ് പുറപ്പെടുവിക്കുമോ ?

ഉത്തരം

(എ) 55 വയസ്സ്.

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം സർക്കാർ ഡോക്ടർമാരുടെ പെൻഷൻ പ്രായം ചുവടെയുള്ള പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട് :

1. 30-3-2012-ലെ സ.ഉ. (കൈ.) നമ്പർ 105/2012/എച്ച്&എഫ്.ഡബ്ല്യു.ഡി. പ്രകാരം സർക്കാർ മെഡിക്കൽ കോളേജുകളിലേയും മെഡിക്കൽ കോളേജുകളിലെ മെഡിക്കൽ വിഭാഗങ്ങളിലെയും ഡോക്ടർമാരുടെ പെൻഷൻ പ്രായം 60 വയസ്സായി വർദ്ധിപ്പിച്ചു.

2. 1-4-2012-ലെ സ.ഉ. (കൈ.)നമ്പർ 107/2012/ എച്ച്&എഫ്.ഡബ്ല്യു.ഡി. പ്രകാരം ആയുർവ്വേദ കോളേജുകളിലെ അദ്ധ്യാപക ജീവനക്കാരുടെ പെൻഷൻ പ്രായം 60 വയസ്സായി വർദ്ധിപ്പിച്ചു.

3. 9-4-2012-ലെ സ.ഉ. (കൈ.) നമ്പർ 108/2012/എച്ച്&എഫ്.ഡബ്ല്യു.ഡി. പ്രകാരം ഹോമിയോ മെഡിക്കൽ കോളേജുകളിലെ അദ്ധ്യാപക ജീവനക്കാരുടെ പെൻഷൻ പ്രായം 60 വയസ്സായി വർദ്ധിപ്പിച്ചു.

LIBRARY ARCHIVES Kerala Legislative Assembly